കാസർഗോഡ് ജില്ലയിലെ വൃക്ക രോഗികൾ

81(2549) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ വൃക്ക രോഗികളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) വൃക്ക രോഗികൾക്ക് ഡയാലിസിസ് ഉൾപ്പെടെയുള്ള ചികിൽസയ്ക്ക് കാരുണ്യ പദ്ധതിയിൽ ഉൾപ്പെടുത്തിയ എത്ര ആശുപത്രികളാണ് കേരളത്തിൽ ഉള്ളതെന്ന പട്ടിക ലഭ്യമാക്കാമോ;

(സി) കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിൽ മാസങ്ങൾക്കു മുമ്പെ ഉദ്ഘാടനം കഴിഞ്ഞിട്ടും ഡയാലിസിസ് യൂണിറ്റിന്റെ പ്രവർത്തനം ആരംഭിക്കാത്തതിന്റെ കാരണങ്ങൾ വിശദമാക്കാമോ;

(ഡി) ഡയാലിസിസ് യൂണിറ്റിന്റെ പ്രവർത്തനം അടിയന്തരമായി ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ജീവിതശൈലീ രോഗങ്ങളായ പ്രമേഹവും രക്തസമ്മർദ്ദവും വർദ്ധിച്ചുവരുന്ന പശ്ചാത്തലത്തിൽ ഈ രോഗങ്ങളുടെ മൂർദ്ധന്യാവസ്ഥയിൽ ഹൃദ്രോഗം, വൃക്കരോഗം തുടങ്ങിയവ സംസ്ഥാനത്ത് വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് വിദഗ്ധ ചികിത്സാ സൗകര്യങ്ങളുള്ള എല്ലാ സർക്കാർ ആശുപത്രികളിലും പരിയാരം സഹകരണ മെഡിക്കൽ കോളേജ്, ശ്രീ ചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ്, ആർ.സി.സി., മലബാർ ക്യാൻസർ സെന്റർ എന്നിവിടങ്ങളിലും കാരുണ്യ ചികിത്സാ പദ്ധതിപ്രകാരം ചികിത്സ ലഭ്യമാണ്. കോഴിക്കോട്, തൃശ്ശൂർ, കോട്ടയം, ആലപ്പുഴ, തിരുവനന്തപുരം എന്നിവിടങ്ങളിലെ മെഡിക്കൽ കോളേജുകളെയും കാരുണ്യ ബനവലന്റ് ഫണ്ട് പദ്ധതിയിൽ ഉൽപ്പെടുത്തിയിട്ടുണ്ട്. ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിന് കീഴിൽ കാരുണ്യ ബെനവലന്റ് ഫണ്ട് ഉപയോഗിച്ച് ആരംഭിക്കാൻ അനുമതി ലഭിച്ചിട്ടുള്ള ഡയാലിസിസ് യൂണിറ്റുകളുടെ പട്ടിക അനുബന്ധമായി നൽകിയിരിക്കുന്നു.* പദ്ധതി പ്രകാരം അക്രഡിറ്റേഷൻ നടത്തിയിട്ടുള്ള സ്വകാര്യ ആശുപത്രികൾ, സ്വകാര്യ ഡയാലിസിസ് സെന്ററുകൾ എന്നിവയുടെ വിശദാംശങ്ങൾ അനുബന്ധം ആയി നൽകിയിരിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റിനു വേണ്ടിയുള്ള കെട്ടിടം പണി പൂർത്തിയായെങ്കിലും ആവശ്യമായ മെഷിനറി ലഭ്യമാകുന്നതിലുള്ള കാലതാമസമാണ് യൂണിറ്റിന്റെ പ്രവർത്തനം ആരംഭിക്കാൻ വൈകുന്നതിനുള്ള കാരണം.

(ഡി) സ്വീകരിക്കും. ഇതിനുവേണ്ടി കാസർഗോഡ് ജില്ലാ പഞ്ചായത്ത് 75 ലക്ഷം രൂപയുടെ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ കാരുണ്യ ബെനവലന്റ് ഫണ്ട് ഉപയോഗിച്ച് ഈ യൂണിറ്റ് പ്രവർത്തിപ്പിക്കാൻ കഴിയുമോയെന്ന കാര്യം സർക്കാർ പരിഗണിച്ചു വരുന്നു.

കോഴിക്കോട് റീജിയണൽ പബ്ലിക് ഹെൽത്ത് ലബോറട്ടറിയിൽ ജനറേറ്റർ

82(2550) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് റീജിയണൽ പബ്ലിക് ഹെൽത്ത് ലബോറട്ടറിയിൽ ജനറേറ്റർ സ്ഥാപിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ എന്നാണ് അപേക്ഷ നൽകിയതെന്നും അതിൻമേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും വിശദമാക്കുമോ?

ഉത്തരം

(എ&ബി) കോഴിക്കോട് റീജിയണൽ പബ്ലിക് ഹെൽത്ത് ലബോറട്ടറിയിൽ ഒരു 59 കെ.ഡബ്ല്യു.എ. ജനറേറ്റർ സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ കോഴിക്കോട് ജില്ലാ മെഡിക്കൽ ഓഫീസർക്ക് (ആരോഗ്യം) ലഭിച്ചിട്ടുണ്ട്. പ്രസ്തുത ജനറേറ്റർ സ്ഥാപിക്കുന്നതിന് വരുന്ന ചെലവ് കണക്കാക്കുന്നതിനായി എസ്റ്റിമേറ്റ് കോഴിക്കോട് ഇലക്ട്രിക്കൽ വിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ പബ്ലിക് വർക്സ് ഡിപ്പാർട്ട്മെന്റിന് അയച്ചിരിക്കുകയാണ്.

സ്റ്റാഫ് നഴ്സുമാരുടെ നിയമനം

83(2551) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് താലൂക്ക് ആശുപത്രിയിലും കാസർഗോഡ് ജില്ലാ ആശുപത്രിയിലും നിലവിലുള്ള ബെഡ് സ്ട്രെങ്ത് എപ്രകാരമാണെന്ന് വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly